കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്-ട്രഷറി ഡയറക്ടറേറ്റിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യൂ-ബി) വകുപ്പ്**

**സ.ഉ(സാധാ)നം.4158/2016/ധന. തീയതി, തിരുവനന്തപുരം, 09.05.2016**

---

പരാമർശം:- (1) സർക്കാർ ഉത്തരവ് (സാധാ) നം. 1316/14/ധന തീയതി 19.02.2014

(2) 25.01.2016, 09.03.2016 എന്നീ തീയതികളിലെ ട്രഷറി ഡയറക്ടറുടെ എ 1/9100/2008 നമ്പർ കത്ത്.

(3) 03.03.2016-ലെ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി1-1497/2015 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം ട്രഷറി ഡയറക്ടറേറ്റിനു വേണ്ടി തിരുവനന്തപുരം ജില്ലയിൽ ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി തത്വത്തിൽ നൽകിക്കൊണ്ട് ഉത്തരവായിരുന്നു. തിരുവനന്തപുരം വികാസ് ഭവൻ പരിസരത്തായി 300 ച.മീ.വിസ്തീർണ്ണമുള്ള സ്ഥലം ലഭ്യമാണെന്നും അപ്രകാരം അഞ്ചു നിലകളിലായി 1500 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗവുമായി ബന്ധപ്പെടുന്നതിനും അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തിരുവനന്തപുരം വികാസ് ഭവൻ പരിസരത്തായി ലഭ്യമായ 300 ച.മീ. സ്ഥലത്ത് അഞ്ചു നിലകളിലായി 1500 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗത്തെ നിയോഗിക്കുന്നതിനും അനുമതി നൽകികൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**അജയകുമാർ.എ.ആർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം

Cpl. Manager

4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ് ) തിരുവനന്തപുരം
6. ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചർ) തിരുവനന്തപുരം
7. നോഡൽ ഓഫീസർ, ധനകാര്യം
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ